"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ദൈനംദിനപ്രവർത്തനങ്ങൾക്ക് വേണ്ടി HDFC ബാങ്ക് മുഖേന സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്യുന്നതിനുള്ള ബോർഡ് യോഗതീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.431/2025/LBR തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- 1. 23/02/2024 തീയതിയിൽ ചേർന്ന 676-ാമത് ബോർഡ് യോഗ തീരുമാനം(31).

2. 25.10.2024-ലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/9/2024-IT1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉപയോഗിച്ചുവരുന്ന നിധി സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്ത് വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫോമാറ്റിക്ക് സെന്റർ (NIC)-നെ ഏൽപ്പിക്കുകയും NIC സമർപ്പിച്ച പ്രപ്പോസൽ പ്രകാരമുള്ള പ്രൊജക്റ്റ് കോസ്റ്റ് കൈമാറുകയും ചെയ്തുവെങ്കിലും സോഫ്റ്റ്വെയർ വികസനം സംബന്ധിച്ച പ്രപ്പോസൽ പ്രകാരമുള്ള സമയം അവസാനിച്ചതിനുശേഷവും പ്രപ്പോസലിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമേ NICയ്ക്ക് പൂർത്തിയാക്കുവാൻ കഴിഞ്ഞുള്ളൂ എന്നതിനാലും ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായുള്ള പ്രൊജെക്ടുകൾ ചെയ്യാനുള്ളതിനാൽ ഇ-നിധി പ്രൊജെക്ടുമായി മുന്നോട്ടു പോകുവാൻ NICക്ക് ബുദ്ധിമുട്ടാണെന്നും ഇതുവരെ ചെയ്ത സോഴ്സ് കോഡ്, ഡാറ്റബേസ് എന്നിവ ഉൾപ്പെടെ ബോർഡിന് കൈമാറുവാൻ തയ്യാറാണെന്നും NIC അറിയിച്ചതിനെ തുടർന്നും സോഫ്റ്റ്വെയർ നവീകരണം നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന വിലയിരുത്തലിൽ പുതിയ സോഫ്റ്റ് വെയർ നിർമ്മാണത്തിനായി ബോർഡ് വിവിധ ബാങ്കുകളുടെ സഹായം തേടുകയും ഇതിൽ HDFC ബാങ്ക് സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (1) പ്രകാരം അംഗീകരിക്കുകയും ചെയ്തതായും ടി സാഹചര്യത്തിൽ HDFC ബാങ്കിന്റെ ധനസഹായത്തോടെ ബോർഡിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുവാൻ HDFC ബാങ്ക് സമർപ്പിച്ച പ്രൊപ്പോസലിനും, HDFC ബാങ്കുമായുള്ള MOU- വിനും ദിനേശ് ഐറ്റി സിസ്റ്റംസുമായുള്ള കരാറിന്റെ കരടിനും അംഗീകാരം നൽകണമെന്നും പരാമർശം (2) പ്രകാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് വേണ്ടി HDFC ബാങ്ക് മുഖേന പുതിയ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന്റെ പൂർണമായ ഉത്തരവാദിത്വം ബോർഡിനായിരിക്കുമെന്നും ആയത് മൂലം സർക്കാരിനോ ബോർഡിനോ യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതകളും പാടില്ല എന്നും ഇതു സംബന്ധിച്ചുള്ള കരാറുകളിൽ ബോർഡിന്റെ പൊതു താല്പര്യങ്ങൾക്ക് ഹാനികരമായ യാതൊരു വ്യവസ്ഥകളും ഉൾപ്പെട്ടിട്ടില്ല എന്ന

കാര്യം ഉറപ്പാക്കേണ്ടതാണെന്ന വ്യവസ്ഥയിന്മേലും, പരാമർശം (1) ബോർഡ് യോഗ തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ. ചന്ദ്ര
അഡിഷണൽ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ വിഭാഗം)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 28-03-2025 16:55:00
സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്